**ഭരണഭാഷ–മാതൃഭാഷ**

IVO-1 - 30/ CA-1 /2023 തീയതി: 06-12-2023

**സുശീന്ദ്രൻ.കെ**
ഇന്റേണൽ വിജിലൻസ് ഓഫീസർ–1 &
കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി–1
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കൊല്ലം

**ശ്രീ.ശശികുമാർ .സി**
മുകളുംപുറത്ത്
മനക്കര
ശാസ്താംകോട്ട

സർ,

വിഷയം : ത.സ്വ. ഭ. വ കൊല്ലം ജില്ല -ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്- സിറ്റിസൺ അസിസ്റ്റന്റ്- ഉപജില്ലാ അദാലത്ത് - കെട്ടിട നമ്പർ ലഭിക്കുന്നില്ല എന്ന പരാതി സംബന്ധിച്ച്

സൂചന :-1. ബഹു. ജില്ലാ കളക്ടർ മുമ്പാകെ താങ്കൾ സമർപ്പിച്ച പരാതി

2. ഉപജില്ലാ അദാലത്ത് സമിതിയുടെ 22/11/2023 തീയതിയിലെ I(2)-ാംാം നമ്പർ യോഗ തീരുമാനം

മേൽ സൂചന പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ശാസ്തംകോട്ട ശുദ്ധജല തടാകത്തിന് സമീപം 2017 ൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം വാങ്ങി നിർമ്മിച്ച വീടിന് കെട്ടിട നമ്പർ ലഭ്യമാക്കുന്നില്ല എന്ന പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ശ്രീ. ചെല്ലപ്പൻ, മുകളുംപുറത്ത്, മനക്കര കിഴക്ക് എന്നവരുടെ ഉടസ്ഥതയിൽ 10/50 നമ്പരായി 40 ച.മീ വിസ്തൃതിയോട് കൂടിയതും, കുറഞ്ഞതരം മേൽക്കൂരയോടു കൂടിയതുമായിരുന്ന ഒരു വാസ ഗൃഹം നിലവിൽ ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മകനായ ശ്രീ. ശശിധരൻ ,മുകളുംപുരത്ത് എന്നവർ ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതിന്മേൽ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടം ഘടനാപരമായ മാറ്റം വരുത്തിയിരുന്നതിനാലും ടി കെട്ടിടത്തിന് ശാസ്താംകോട്ട കായലിൽ നിന്നുള്ള ദൂരം ഏകദേശം 35 മീ ആയിരുന്നതിനാലും ഉടമസ്ഥാവകാശം മാറ്റി നൽകിയിരുന്നില്ല.

എന്നാൽ സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ അദാലത്ത് സമിതി മുമ്പാകെ ടിയാൻ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പുനർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു. ആയത് പ്രകാരം ടി കെട്ടിടം ശ്രീ. ചെല്ലപ്പൻ എന്നവർ ടിയാന്റെ മകനായ ശ്രീ. ശശിധരൻ എന്നവർക്ക് കൈമാറി നൽകിയതാണെന്നും നിലവിലുണ്ടായിരുന്ന കെട്ടിടം ജീർണ്ണിച്ച് ഉപയോഗശൂന്യമായതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടം നിന്ന സ്ഥലത്ത് തന്നെ മേൽക്കൂര ടെറസ്സോട്ടു കൂടിയതുമായ വാസഗൃഹം നിർമ്മിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി ടിയാന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുശീന്ദ്രൻ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ-1
എൽ.എസ്.ജി.ഡി
കൊല്ലം